മണീട് ഗ്രാമപഞ്ചായത്ത് കാര്യാലയം

മണീട് പി. ഒ., എറണാകുളം
പിൻ: 686664
ഇ - മെയിൽ: *secretary.maneedgp@gmail.com*



സേവനം ഔദാര്യമല്ല! അവകാശമാണ്

പ്രിയ ഗ്രാമവാസികളെ, നാട്ടുകാരെ,

പാർലമെന്റ് പാസ്സാക്കിയ സേവനാവകാശ നിയമത്തിന്റെ ചുവടുപിടിച്ച് കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 272 A പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെയും ഏടക സ്ഥാപനങ്ങളുടെയും സേവനങ്ങളും അവയുടെ നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ നാം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിചേർക്കലുകളും ഉൾക്കൊളിച്ചുകൊണ്ട് 2026-27 സാമ്പത്തിക വർഷം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധപ്പെടുത്തുകയാണ്. ഭരണഏടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്തുകളെ, പ്രാദേശിക സർക്കാരുകളാക്കുകയും അധികാരം താഴെ തട്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും അതിന്റെ കീഴിൽ വരുത്തിയ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കാലതാമസം കൂടാതെ സമയ ബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ലഭിക്കുവാൻ അവകാശമുണ്ട്. ആയതിൽ പ്രകാരമുള്ള സേവനങ്ങളും അവയുടെ നടപടി ക്രമങ്ങളും ലഭ്യമാകുന്ന സമയക്രമവും ഇതിലൂടെ നിങ്ങൾക്ക് ലഭ്യമാകുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

അധികാര കേന്ദ്രത്തിന്റെ താഴെ തട്ടായ ഗ്രാമപഞ്ചായത്തിൽ നിന്നും ഏടക സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ വേഗത്തിലും കൃത്യതയോടെയും സുതാര്യമായും ലഭിക്കുന്നതിന് ഈ രേഖയിലെ അറിവ് ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു. ഇത് പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാ ജനങ്ങളോടും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ പൗരാവകാശരേഖ നിങ്ങൾക്കായി സമർപ്പിക്കുന്നു.

സസ്നേഹം,

(ഒപ്പ്)
ഷിജി ബിജു
പ്രസിഡന്റ്, മണീട് ഗ്രാമപഞ്ചായത്ത്

മണീട്,
30-09-2026.

മണീട് ഗ്രാമപഞ്ചായത്ത്

ഭരണസമിതി

പ്രസിഡന്റ്	: ശ്രീമതി ഷിജി ബിജു
വൈസ് പ്രസിഡന്റ്	: ശ്രീ. മോൻസി വർഗീസ്
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	: ശ്രീമതി അയന വി. ജോയി
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	: ശ്രീ. ജോബ് പി. എസ്.
ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	: ശ്രീമതി പ്രിയ സുമേഷ്

അംഗങ്ങൾ

വാർഡ് - 2	: ശ്രീമതി ശ്രീക്കുട്ടി ജിത്തു
വാർഡ് - 4	: ശ്രീ. രാജേഷ് കെ. എസ്.
വാർഡ് - 5	: ശ്രീ. ഗോപി എ. ഡി.
വാർഡ് - 6	: ശ്രീ. ഏലിയാസ് പി. ഐ.
വാർഡ് - 7	: ശ്രീമതി സലിനകുമാരി പി. എസ്.
വാർഡ് - 8	: ശ്രീമതി മഞ്ജു വർഗീസ്
വാർഡ് - 9	: ശ്രീ. സന്തോഷ് പ്രകാശ്
വാർഡ് - 11	: ശ്രീ. എബി വർഗീസ്
വാർഡ് - 13	: ശ്രീമതി വിജി ഏലിയാസ്

മണീട് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന

പാർലമെന്റംഗം	: ശ്രീ. ഫ്രാൻസിസ് ജോർജ്ജ്
നിയമസഭാംഗം	: അഡ്വ. അനൂപ് ജേക്കബ്ബ് എം. എൽ. എ.
ജില്ലാ പഞ്ചായത്തംഗം	: ശ്രീമതി ബിനി ഷാജി
ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ	: ശ്രീമതി ജയ സോമൻ (പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി)
	: ശ്രീമതി മഞ്ജു മാത്യു (മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി)
	: ശ്രീ. ബെന്നി കെ. പൗലോസ് (മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി)
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	: ശ്രീമതി അനിമോൾ കെ.

അദ്ധ്യായം 1
പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	മണീട് ഗ്രാമപഞ്ചായത്ത്
രൂപീകരിക്കപ്പെട്ട വർഷം	:	1964
ഉൾപ്പെടുന്ന റവന്യൂ പ്രദേശം	:	മണീട് വില്ലേജ്
വാർഡുകളുടെ എണ്ണം	:	14
ബ്ലോക്ക് പഞ്ചായത്ത്	:	മുളന്തുരുത്തി
ജില്ലാ പഞ്ചായത്ത്	:	എറണാകുളം
താലൂക്ക്	:	മൂവാറ്റുപുഴ
അസംബ്ലി മണ്ഡലം	:	പിറവം
ലോകസഭാ മണ്ഡലം	:	കോട്ടയം
വിസ്തീർണ്ണം	:	26.19 ച. കി. മി.

സമീപ പഞ്ചായത്തുകൾ

വടക്ക്	:	പൂത്യക്ക, തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്
കിഴക്ക്	:	പിറവം മുനിസിപ്പാലിറ്റി
തെക്ക്	:	എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

ജനസംഖ്യ (സെൻസസ് 2011 പ്രകാരം)

പുരുഷന്മാർ	:	8408
സ്ത്രീകൾ	:	8572
ആകെ	:	16980
പട്ടികജാതി	:	3200

ഘടക സ്ഥാപനങ്ങൾ

1. കൃഷിഭവൻ, മണീട്
2. ഗവ. ആയൂർവ്വേദ ഡിസ്പെൻസറി, ഏഴക്കരനാട്
3. വെറ്റിനറി ഡിസ്പെൻസറി, മണീട്
4. ഗവ. യു. പി. സ്കൂൾ - ഏഴക്കരനാട്
5. ഗവ. എൽ. പി. സ്കൂൾ - മണീട്, ഏഴക്കരനാട്, നെച്ചൂർ
6. വി. ഇ. ഒ. ഓഫീസ് - മണീട്, ഏഴക്കരനാട്
7. ഗവ. എൽ.പി. സ്കൂൾ - നെച്ചൂർ
8. എ.എം. എൽ.പി. സ്കൂൾ - ഏഴക്കരനാട്
9. അംഗൻവാടികൾ - 17 എണ്ണം
10. ഗവ. ഹോമിയോ ഡിസ്പെൻസറി - നെച്ചൂർ
11. എഫ്.എച്ച്.സി. മണീട്
12. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് - മണീട്

നിർവ്വഹണ ഉദ്യോഗസ്ഥർ

1.	ശ്രീമതി അനിമോൾ കെ.	:	സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത്
2.	ഡോ. രാജേഷ് പി. ബി.	:	വെറ്ററിനറി സർജൻ, മണീട്
3.	ഡോ. ഹേമേഷ് പി. ജോഷി	:	മെഡിക്കൽ ആഫീസർ (ഗവ. ആയൂർവ്വേദ ഡിസ്പൻസറി, ഏഴക്കരനാട്)
4.	ശ്രീമതി ശോഭ ജയിംസ്	:	അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി
5.	ശ്രീമതി സിനി കെ. സി.	:	ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. എസ്. മണീട്
6.	ശ്രീമതി ആശ പോൾ	:	ഐ. സി. ഡി. എസ്. സൂപ്പർവൈസർ
7.	ശ്രീ. മോഹൻദാസ് കെ. സി.	:	വി. ഇ. ഒ. മണീട്
8.	ശ്രീ. അനിൽ കെ. ജോസ്	:	വി. ഇ. ഒ. ഏഴക്കരനാട്
9.	ഡോ. ആഷ്ന എസ്.	:	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മണീട്
10.	ശ്രീമതി മേരി ജാസ്മിൻ	:	ഡയറിഫാം ഇൻസ്ട്രെക്ടർ, മണീട്
11.	ശ്രീമതി ആൻ വർഗീസ്	:	കൃഷി ആഫീസർ, മണീട്
12.	ഡോ. നയന ദാസ്	:	മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി, നെച്ചൂർ
13.	ശ്രീമതി അശ്വതിഭായി പി. ബി.	:	അസിസ്റ്റന്റ് സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത്

പഞ്ചായത്തിൽ നിന്നും നൽകുന്ന എല്ലാ സേവനങ്ങൾക്കും
ഹരിതകർമ്മസേന യൂസർഫീ കാർഡ് നിർബന്ധമാണ്.

പൗരാവകാശരേഖ - മണീട് ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്
1	സ്വഭാവ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക.	തത്സമയം	ഇല്ല
2	റേഷൻ കാർഡിൽ പേര് ചേർക്കുന്ന തിനും പുതിയ കാർഡിന് അപേക്ഷിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസ്സിലെഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിക്കുക	തത്സമയം	ഇല്ല
3	തൊഴിൽ രഹിതനാണെന്നുള്ള സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക.	തത്സമയം	ഇല്ല
4	പേരിലോ വീട്ടുപേരിലോ മാറ്റം വന്ന വർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, സ്കൂൾ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ പ്രസിഡന്റിനെ നേരിട്ട് കാണുക.	തത്സമയം	ഇല്ല
5	ലൈഫ് സർട്ടിഫിക്കറ്റ്	പെൻഷൻകാർ നേരിട്ടും അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേയ്മെന്റ് ഓർഡർ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിക്കുക.	തത്സമയം	ഇല്ല
6	വിവാഹം രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ആഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിക്കുക.	തത്സമയം	ഇല്ല

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്
7	മരണം രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ്.	വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ അപേക്ഷ ശുപാർശ കുറിപ്പോടുകൂടി ആഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ സമീപിക്കുക.	തത്സമയം	ഇല്ല
8	ഭവന നിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്	വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ സമീപിക്കുക.	തത്സമയം	ഇല്ല
9	വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിനുള്ള കുടുംബ ബന്ധങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്	വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, റേഷൻ കാർഡ് എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ സമീപിക്കുക.	തത്സമയം	ഇല്ല

പൗരാവകാശരേഖ - മണിദ് ഗ്രാമപഞ്ചായത്ത്

ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(പഞ്ചായത്ത് ആഫീസിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾക്ക് ഹരിതകർമ്മസേന യൂസർഫീ കുടിശ്ശിക ഇല്ലാതെ അടവാക്കിയിരിക്കേണ്ടതാണ്.)

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
1	കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്	കെട്ടിട നമ്പർ കാണിച്ചുകൊണ്ടുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. (വസ്തു നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് സഹിതം)	3 പ്രവർത്തി ദിവസം	ഇല്ല	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	പഞ്ചായത്ത് ഭരണസമിതി
2	റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്	1. കൂടെ താമസിക്കുന്നതാണെങ്കിൽ / വാടകക്കാരൻ കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രം 2. കെട്ടിട നമ്പർ കാണിച്ചുകൊണ്ടുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക.	7 പ്രവർത്തി ദിവസം	ഇല്ല	”	”	”
3	താമസക്കാരന്റെ / അനുഭവക്കാരന്റെ വിവരങ്ങൾ റിക്കാർഡുകളിൽ ഉൾപ്പെടുത്തുന്നതിന് / മാറ്റുന്നതിനുള്ള അപേക്ഷ	1. അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി നിശ്ചിത മാതൃകയിലുള്ള അപേക്ഷ 2. കെട്ടിട ഉടമസ്ഥന്റെ അപേക്ഷ 3. കരാർ ഉടമ്പടിയുടെ പകർപ്പ് (കരാർ പ്രകാരമാണെങ്കിൽ) എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം.	7 പ്രവർത്തി ദിവസം	ഇല്ല	”	”	”
4	വാസയോഗ്യമായ വീടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്	അപേക്ഷകന്റെ പേരും വീട്ടുപേരും സ്വന്തമായി വീടുണ്ടെങ്കിൽ ആയതിന്റെ നമ്പരും രേഖപ്പെടുത്തി വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സെക്രട്ടറിക്ക് സമർപ്പിക്കണം.	3 പ്രവർത്തി ദിവസം	ഇല്ല	”	”	”

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
5	കെട്ടിട നിർമ്മാണ പെർമിറ്റ്	100 മീറ്റർ^2 വരെ വിസ്തീർണ്ണമുള്ള താമസിക്കാനുള്ള ആവശ്യത്തിനായി പണിയുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല. പണി ആരംഭിക്കുന്നതിന് 10 ദിവസം മുമ്പ് നിശ്ചിത ഫോറം പൂരിപ്പിച്ച് പണി ആരംഭിക്കാൻ പോകുന്ന വിവരം സെക്രട്ടറിയെ അറിയിച്ചാൽ മതി (ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾകൂടി ഹാജരാക്കണം. നിവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം നിർമ്മാണം) 1. നിശ്ചിത മാതൃകയിലുള്ള ഫീ പതിച്ചതും എല്ലാ കോളങ്ങളും പൂരിപ്പിച്ചതുമായ അപേക്ഷ. 2. ബിൽഡിംഗ് പ്ലാൻ 3. ലൊക്കേഷൻ പ്ലാൻ 4. സൈറ്റ് പ്ലാൻ 5. സെക്ഷൻ/എലിവേഷൻ / ടെറസ് പ്ലാൻ/സ്പെസിഫിക്കേഷൻ റിപ്പോർട്ട് 6. സർവ്വീസ് പ്ലാൻ 7. പാർക്കിംഗ് പ്ലാൻ 8. പ്ലാൻ തയ്യാറാക്കിയ ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ് 9. പട്ടയത്തിന്റെ / ആധാരത്തിന്റെ പകർപ്പ് 10. തൻവർഷത്തെ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്	15 പ്രവർത്തി ദിവസം (പെർമിറ്റ് നൽകിയ തീയതി മുതൽ 5 വർഷത്തേക്ക് സാധുത)	വാസഗൃഹങ്ങൾക്ക് 81 ച. മീ. വരെ ച. മീറ്ററിന് 50/- വീതവും 151 ച. മീ. മുതൽ 300 മീ. വരെ 100/- രൂപയും അതിനുമുകളിൽ ച. മീറ്ററിന് 150/- രൂപ വീതവും	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	പഞ്ചായത്ത് ഭരണസമിതി

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		11. കൈവശാവകാശ സർട്ടിഫിക്കറ്റ് (കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന മറ്റു രേഖകളും) 12. പെർമിറ്റ് രജിസ്റ്റേർഡ് തപാലിൽ ലഭിക്കുന്നതിന് മതിയായ സ്റ്റാമ്പൊട്ടിച്ച കവർ 13. പട്ടയം, ആധാരം, ഭൂ നികുതി രസീത് എന്നിവയുടെ അസ്സൽ പരിശോധനക്ക് ഹാജരാക്കണം.					
6	പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിന്	1. അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സെക്രട്ടറിക്ക് സമർപ്പിക്കുക. 2. ലഭിച്ച പെർമിറ്റിന്റെ അസ്സൽ 3. സ്ഥലകൈമാറ്റം നടന്നത് തെളിയിക്കുന്ന രേഖ 4. കൈവശ സർട്ടിഫിക്കറ്റ് തൻവർഷത്തെ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ് 5. 100 രൂപ ഫീസ്	15 പ്രവർത്തി ദിവസം	100 രൂപ			
7	പെർമിറ്റ് പുതുക്കുന്നതിന്	1. അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിച്ചത് 2. ലഭിച്ച പെർമിറ്റിന്റെ അസ്സൽ 3. ചട്ടപ്രകാരമുള്ള ഫീസ്	15 പ്രവർത്തി ദിവസം	ചട്ടപ്രകാരമുള്ള ഫീസ്			

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
8	പുതിയ കെട്ടിട നമ്പർ	1. എൻ.ഒ.സി. / പെർമിറ്റിന്റെ പകർപ്പ് 2. പണി പൂർത്തീകരിച്ചു എന്ന് കാണിക്കുന്ന കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷ 3. ഫോറം നമ്പർ 2 പൂരിപ്പിച്ചത്. ഒറ്റത്തവണ നികുതിക്ക് റിട്ടേൺ ഫയൽ ചെയ്തതു സംബന്ധിച്ച സാക്ഷ്യപത്രം (റവന്യൂ വകുപ്പിൽ നിന്നും) 4. പൂർത്തീകരണ സർട്ടിഫിക്കറ്റ് & പ്ലാൻ 5. ഭൂമി നികുതി അടച്ച രസീത്	15 പ്രവർത്തി ദിവസം		ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	1. പഞ്ചായത്ത് ഭരണസമിതി 2. തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ
9	ഉടമസ്ഥാവകാശം മാറ്റൽ	**I.** സ്ഥലകൈമാറ്റം ചെയ്യുന്ന സാഹചര്യത്തിൽ 1. അപേക്ഷ (കഴിയുന്നതും സംയുക്ത അപേക്ഷ) കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക 2. ആധാരത്തിന്റെ പകർപ്പ് 3. ബന്ധപ്പെട്ട സബ് രജിസ്ട്രാർ നൽകുന്ന ഫോറം നമ്പർ 39 ലുള്ള സാക്ഷ്യപത്രം 4. ഭൂമികുതി അടച്ച് രസീതിയുടെ പകർപ്പ് 5. കൈവശാവകാശ സർട്ടിഫിക്കറ്റ് (പരിശോധനയ്ക്കായി പകർപ്പുകളോടൊപ്പം അസ്സൽ ഹാജരാക്കണം) **II.** പാരമ്പര്യ അവകാശം അടിസ്ഥാനമാക്കി 1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചത്. 2. മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് 3. ലീഗൽ ഹെയർഷിപ്പ് സാക്ഷ്യപത്രം	കൂട്ടായ അപേക്ഷയാണെങ്കിൽ 20 ദിവസം. അല്ലെങ്കിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് രജിസ്റ്റേർഡ് നോട്ടീസ് അയച്ച് അപേക്ഷ പരിഗണിച്ച ശേഷം (45)	ആധാരം രജിസ്റ്റർ ചെയ്ത് 90 ദിവസത്തിനകവും പിൻതുടർച്ചാവകാശ പ്രകാരമുള്ള സംഗതികളിൽ വസ്തുവിന്റെ ഉടമ മരണപ്പെട്ട് 1 വർഷത്തിനകവും നൽകുന്ന കൈമാറ്റങ്ങൾക്ക് ഫീസില്ല അതിനു ശേഷം നൽകുന്ന കൈമാറ്റങ്ങൾക്ക് 500 രൂപ ഫീസ്	,,	,,	30 ദിവസത്തിനകം പഞ്ചായത്ത് ഭരണസമിതിക്ക്

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		/ ഉടമസ്ഥന്റെ മരണശേഷം പകർത്തിയ ഒസ്യത്തിന്റെ പകർപ്പ് 4. ഭൂനികുതിയടച്ച രസീതിന്റെ പകർപ്പ് 5. ഒസ്യത്ത് പ്രകാരമാണെങ്കിൽ ഒസ്യത്തിന്റെ ആധികാരികത സംബന്ധിച്ച് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സത്യവാങ്മൂലം **III.** കോടതി ഉത്തരവ് / ബാങ്ക് മുഖേന 1. അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത് 2. കോടതി ഉത്തരവ് / വിൽപ്പന സർട്ടിഫിക്കറ്റ് (ഒറിജിനൽ / ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ്)					
10	പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ	1. കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുക 2. കെട്ടിട നികുതി കുടിശ്ശിക ഉണ്ടായിരിക്കരുത്	45 പ്രവർത്തി ദിവസം		ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
11	ഫാക്ടറി / വ്യാപാരം / സംരംഭകത്വം / മറ്റ് സേവനങ്ങളുടെ വ്യാപാരങ്ങൾക്കുള്ള പുതിയ ലൈസൻസ് / പുതുക്കുന്നതിനുള്ള അപേക്ഷ	1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക 2. കെട്ടിടം സ്ഥലം സ്വന്തമല്ലെങ്കിൽ ഉടമസ്ഥന്റെ നിയമാനുസൃതമുള്ള സമ്മതപത്രം / കരാറുടമയുടെ പകർപ്പ് 3. ജലം, വായു ശബ്ദമലിനീകരണ സാദ്ധ്യതയുണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം.	മറ്റ് വകുപ്പുകളിൽനിന്ന് ആവശ്യമായ അനുമതികളോടെ സമർപ്പിക്കുന്നവർക്ക് 7 ദിവസവും അല്ലാത്തവർക്ക് 30 ദിവസവും	ചട്ടപ്രകാരമുള്ള ഫീസ്	,,	,,	1. ഭരണസമിതി 2. റിവിഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		4. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം 5. ഏതെങ്കിലും തിരിച്ചറിയൽ രേഖ 6. നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.					
12	ഫാക്ടറികൾ / വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ	1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക 2. കെട്ടിടം, സ്ഥലം സ്വന്തമാണെങ്കിൽ ആയതിന്റെ രേഖ, സ്വന്തമല്ലെങ്കിൽ ഉടമസ്ഥനിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം / കരാറുടമ്പടി 3. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം 4. വ്യവസായം, ഫാക്ടറി, വർക്ക്ഷോപ്പ് സ്ഥാപിക്കുന്ന പുരയിടത്തിന്റെ സ്കെച്ച്, പ്ലാൻ 5. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)	മെഷീൻ 5 എച്ച്പി.യിൽ കുറവാണെങ്കിൽ 10 ദിവസം. മെഷീൻ 5 എച്ച്പി.യിൽ കൂടുതലാണെങ്കിൽ 30 ദിവസം.	ചട്ടപ്രകാരമുള്ള ഫീസ്	,,		തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
	(തുടർച്ച)	6. യന്ത്രസാമഗ്രികൾ / ഊർജ്ജ സ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ 7. താഴെപറയുന്നവരിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ. എ. മലിനീകരണ നിയന്ത്രണ ബോർഡ് (കൺസന്റ് ടു എസ്റ്റാബ്ലിഷ്മെന്റ് ജലം, വായു, ശബ്ദമലിനീകരണം ഉണ്ടാക്കുന്നവയെങ്കിൽ) ബി.അഗ്നിശമന സേനാവകുപ്പ് പട്ടിക 6 -ൽ പെടുന്ന വ്യവസായങ്ങൾക്ക് സി. തൊഴിൽ വകുപ്പ് ഡി.ഫാക്ടറീസ് ഇൻസ്പെക്ടർ (1948ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക്, വൈദ്യുതി ഉപയോഗിക്കുന്നുവെങ്കിൽ 10 തൊഴിലാളികളിൽ കൂടുതലും, വൈദ്യുതി ഉപയോഗിക്കുന്നില്ലെങ്കിൽ 20 തൊഴിലാളികളിൽ നിയോഗിക്കപ്പെടുന്നുവെങ്കിൽ) അടിസ്ഥാന സൗകര്യങ്ങൾ 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് നിർമ്മിച്ചവയായിരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയതിന് ശേഷം പഞ്ചായത്തിൽ നിന്നും അനുവദിച്ച അനുമതി പത്രവും മലിനീകരണ നിയന്ത്രണ					

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		ബോർഡിൽ നിന്നുമുള്ള കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റുമായി വന്ന് ലൈസൻസ് എടുക്കേണ്ടതാണ്.					
13	മരാധിഷ്ഠിത വ്യവസായങ്ങൾ അനുമതി അപേക്ഷ	1. നിശ്ചിത ഫാറത്തിൽ അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക 2. കെട്ടിടം സ്ഥലം സ്വന്തമല്ലെങ്കിൽ ഉടമസ്ഥന്റെ നിയമാനുസൃത സമ്മതപത്രം 3. സ്ഥലനാമം പ്ലാസ്റ്റിക്നിരോധനം എന്നിവ സംബന്ധിച്ച് സത്യവാങ് മൂലം 4. വ്യവസായം / ഫാക്ടറി / വർക്ക് ഷോപ്പ് സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ പ്ലാൻ, സ്കെച്ച് 5. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്.) 6. യന്ത്രസാമഗ്രികൾ / ഊർജ്ജ സ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ 7. താഴെപറയുന്നവയിൽ നിന്നുള്ള നിരാക്ഷേപപത്രങ്ങൾ 8. മലിനീകരണ നിയന്ത്രണ ബോർഡ് കൺസന്റ് ടു എസ്റ്റാബ്ലിഷ്മെന്റ് വനം വകുപ്പ് 9. വനം വകുപ്പ് 10. സെൻട്രൽ എംപവേർഡ് കമ്മിറ്റി 11. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)	30 ദിവസം നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ആവശ്യമെങ്കിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം	ചട്ടപ്രകാരമുള്ള ഫീസ്	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		12. തൊഴിൽ വകുപ്പ് 13. ഫാക്ടറീസ് ഇൻസ്പെക്ടർ (വൈദ്യുതി ഉപയോഗിക്കുന്നില്ലെങ്കിൽ 10 തൊഴിലാളികളിൽ കൂടുതലും വൈദ്യുതി ഉപയോഗിക്കുന്നില്ലെങ്കിൽ 20 തൊഴിലാളികളിൽ കൂടുതലും നിയോഗിക്കപ്പെടുന്നുവെങ്കിൽ) അടിസ്ഥാന സൗകര്യങ്ങൾ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് നിർമ്മിച്ചവയായിരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയതിന് ശേഷം മേൽപ്പറഞ്ഞ രേഖകളോടൊപ്പം പഞ്ചായത്തിൽ നിന്നനുവദിച്ച അനുമതി പത്രത്തോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റുമായി വന്ന് ലൈസൻസ് എടുക്കാവുന്നതാണ്.					
14	VBG-RAM-G തൊഴിൽ കാർഡിനുള്ള അപേക്ഷ	1. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരനായിരിക്കണം 2. പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം 3. റേഷൻ കാർഡിന്റെ ശരി പകർപ്പ് 4. ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡിന്റെ ശരി പകർപ്പ് 5. നിർദ്ദിഷ്ട ഫോറത്തിലോ വെള്ളക്കടലാസ്സിലോ ഉള്ള അപേക്ഷ	15 പ്രവർത്തി ദിവസം	ഇല്ല	സെക്രട്ടറി	സെക്രട്ടറി	

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		6. കാർഡിൽ ഉൾപ്പെടുത്തുന്നവരുടെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ 4 കോപ്പി 7. ആധാർ കാർഡിന്റെ കോപ്പി 8. ശാരീരിക അദ്ധ്വാനത്തിന് തയ്യാറുള്ള വരായിരിക്കണം.					
15	VBG-RAM-G തൊഴിൽ പൂർത്തിയാക്കി വേതനം നൽകുന്നതിന്	1. മസ്റ്റർ റോൾ ബി.ഡി.ഒ. യിൽ നിന്ന് വാങ്ങി സെക്രട്ടറി ഒപ്പുവെച്ച് ഓവർസീയർ സൈറ്റിൽ എത്തിക്കുക 2. തൊഴിലാളികളുടെ പേരും ഒപ്പും ബാങ്ക് അക്കൗണ്ട് നമ്പറും കാർഡും നമ്പറും ഉള്ളത്. തിരുത്തലുകൾ ഇല്ലാത്തത്. 3. വോളന്റിയർ, ഓവർസിയർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് സമിതിയംഗങ്ങൾ ഒപ്പിട്ടത്. 4. സാധന സാമഗ്രികൾ ഉപയോഗിച്ചുണ്ടെങ്കിൽ നിയമാനുസൃത ബില്ലുകളും രേഖകളും 5. ഫസ്റ്റ് എയ്ഡ് / കുടിവെള്ളം മുതലായവ നൽകിയതിന്റെ രേഖകൾ 6. ട്രാക്ടർ / വാഹനങ്ങൾ മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വൗച്ചറുകളും രേഖകളും 7. സൈറ്റ് ഡയറി (വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടെ) 8. തൊഴിലാളികളുടെ പേര്, നമ്പർ, ബാങ്ക് അക്കൗണ്ട് തുടങ്ങിയവ	14 പ്രവർത്തി ദിവസം	ഇല്ല			

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് 9. തൊഴിലുപകരണങ്ങളുടെ വാടക സ്റ്റേറ്റ്മെന്റ് 10. പ്രവർത്തിയുടെ ഫോട്ടോ 11. പ്രവർത്തിയുടെ വാലേഷൻ ബന്ധപ്പെട്ട എൻജിനീയർ തയ്യാറാക്കി സമർപ്പിക്കണം					
16	VBG-RAM-G നീർത്തടാധിഷ്ഠിത പ്രവർത്തികൾക്ക് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന്	1. തൊഴിൽകാർഡ് കോപ്പി 2. വസ്തു നികുതി രസീത് കോപ്പി 3. ഒറ്റത്തവണ ഇടപെടൽ സമ്മതം 4. തൊഴിലിനുള്ള അപേക്ഷ (ബാങ്ക് അക്കൗണ്ട് നമ്പർ സഹിതം) 5. കൃഷി ഓഫീസറുടെ സാക്ഷ്യപത്രം		ഇല്ല			
17	പട്ടികൾക്കും പന്നികൾക്കും ഉള്ള ലൈസൻസ്	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക. പ്രതിരോധ കുത്തിവയ്പ് നടത്തിയതിന് വെറ്ററിനറി സർജ്ജൻ നൽകിയ സർട്ടിഫിക്കറ്റ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കുക.	15 പ്രവർത്തി ദിവസം	10 രൂപ	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഭരണ സമിതി
18	സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സെക്രട്ടറിക്ക് സമർപ്പിക്കുക. കെട്ടിട ത്തിന്റെ ഉടമസ്ഥത സംബന്ധിച്ചും ജീവനക്കാരുടെ യോഗ്യത സംബന്ധിച്ചുമുള്ള രേഖകൾ ഹാജരാക്കണം.	15 ദിവസം. നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമെങ്കിൽ ആയത് ലഭിച്ച് 45 ദിവസത്തിനകം	200 രൂപ സർവ്വീസ് ചാർജ്ജ്	”	”	”

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
19	സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കൽ	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സാമ്പത്തികവർഷം ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം	15 ദിവസം.	50 രൂപ സർവ്വീസ് ചാർജ്ജ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ഭരണസമിതി
20	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ	നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക .സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം.	15 ദിവസം.	200 രൂപ സർവ്വീസ് ചാർജ്ജ്	”	”	”
21	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന്	നിശ്ചിത മാതൃകയിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം.	15 ദിവസം.	50 രൂപ സർവ്വീസ് ചാർജ്ജ്	”	”	”
22	ജനന മരണ രജിസ്ട്രേഷൻ	ജനന / മരണ റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് നൽകുക, ജനനം / മരണം നടന്ന് 21 ദിവസം മുതൽ 30 ദിവസം വരെ രണ്ട് രൂപ പിഴ ഒടുക്കി മാപ്പപേക്ഷ സമർപ്പിക്കണം. സ്ഥാപനങ്ങളിൽ സ്ഥാപന മേധാവിയും അസ്വാഭാവിക മരണമാണെങ്കിൽ മരണം നടന്ന സ്ഥലത്തിന്റെ ചുമതലയുള്ള പോലീസ് ഓഫീസറും (എസ്.എച്ച്.ഒ.) റിപ്പോർട്ട് ചെയ്യേണ്ടതാണ്.	7 ദിവസം.	21 ദിവസത്തിനകം റിപ്പോർട്ട് ചെയ്താൽ ഫീസില്ല. ജനനം മരണം നടന്ന് 21 ദിവസം മുതൽ 30 ദിവസം വരെ 2 രൂപ	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	ജില്ലാ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)



നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
23	ജനന മരണ സർട്ടിഫിക്കറ്റ്	1. നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	3 പ്രവർത്തി ദിവസം.	തിരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപയും പകർപ്പ് ഫീസ് 5 രൂപയും	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	ജില്ലാ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)
24	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ	1. നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം. 2. അപേക്ഷയിൽ ഒപ്പ് വച്ചിരിക്കുന്നവരുടെ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം	5 പ്രവർത്തി ദിവസം.	തിരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപയും പകർപ്പ് ഫീസ് 5 രൂപയും	” ”	” ”	” ”
25	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ അപേക്ഷ തീയതിയിൽ കുട്ടിയുടെ പ്രായം ആറ് വയസ്സ് പൂർത്തിയാണെങ്കിൽ	1. മാതാപിതാക്കൾക്ക് ജനിച്ച എല്ലാ കുട്ടികളുടേയും ജനനതീയതിയും ജനന കേന്ദ്രങ്ങളും ഉൾപ്പെടുത്തി അപേക്ഷകർ ഒപ്പിട്ട് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം 2. സ്കൂൾ രേഖയിലെ പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര്, എന്നിവ കാണിക്കുന്ന സ്കൂൾ മേലധികാരിയിൽ നിന്നുള്ള സാക്ഷ്യ പത്രം 3. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കുക.	5 പ്രവർത്തി ദിവസം.	ഒരു വർഷത്തിനു ശേഷം 5/- രൂപ			

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		4. അപേക്ഷയിൽ ഒപ്പ് വച്ചിരിക്കുന്ന ആളിന്റെ തിരിച്ചറിയൽ രേഖ 5. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ					
26	കുട്ടിയുടെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനന തീയതിയും തമ്മിൽ പത്ത് മാസത്തിലേറെ കാലത്തെ വ്യത്യാസമുണ്ടെങ്കിൽ ജനന രജിസ്റ്ററിൽ പേരു ചേർക്കുന്നതിന്	1. ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ 2. ജനിച്ച കുട്ടികളുടെ ജനനതീയതിയും ജനനക്രമവും രേഖപ്പെടുത്തിയ സത്യവാങ്മൂലം 3. കുട്ടികളുടെ സ്കൂൾ രേഖയിലെ പേര് ജനന തീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ അധികാരികളിൽ നിന്നുള്ള സാക്ഷ്യ പത്രം 4. ജനന ക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, സ്കൂൾ രേഖ, റേഷൻ കാർഡ് മുതലായവയിൽ എന്തെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	ജില്ലാ രജിസ്ട്രാറുടെ അനുമതിക്കു ശേഷം		ജില്ലാ രജിസ്ട്രാർക്ക് (രജിസ്ട്രാർ മുഖാന്തിരം)	ജില്ലാ രജിസ്ട്രാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)	ചീഫ് രജിസ്ട്രാർ
27	മരണം വൈകി രജിസ്റ്റർ ചെയ്യൽ (മരണം നടന്ന് 30 ദിവസത്തിനുശേഷം ഒരു വർഷം വരെ)	1. മരണ റിപ്പോർട്ട് 2. നോട്ടറി പബ്ലിക് / സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (2 കോപ്പി) 3. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണ സ്ഥലം / താമസസ്ഥലം സംബന്ധിച്ച തെളിവുകൾ ഹാജരാക്കണം.	ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 ദിവസത്തിനകം	5 രൂപ ലേറ്റ് ഫീ അനുമതി ലഭിച്ചതിനുശേഷം	,,	1.അനുമതിനൽകേണ്ടത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	ജില്ലാ രജിസ്ട്രാർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		4. രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ എന്നിവ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.				2. രജിസ്ട്രേഷൻ നടത്തേണ്ടത് രജിസ്ട്രാർ	
28	മരണം വൈകി രജിസ്റ്റർ ചെയ്യൽ (ഒരു വർഷത്തിനു ശേഷം)	1. സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് രജിസ്ട്രേഷൻ യൂണിറ്റ് പഞ്ചായത്ത് വഴി അപേക്ഷസമർപ്പിക്കുന്നുവെങ്കിൽ 2. മരണ റിപ്പോർട്ട് 3. സത്യവാങ്മൂലം (ആർ.ഡി.ഒ. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം) 4. രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ 5. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മരണ സ്ഥലം / താമസസ്ഥലം സംബന്ധിച്ച തെളിവുകൾ എന്നിവ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം. 6. ലേറ്റ് ഫീ. 10 രൂപ (ആർ.ടി.ഒ. യുടെ) അനുമതി ലഭിച്ച ശേഷം.	ആർ.ടി.ഒ. യുടെ അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം	ലേറ്റ് ഫീ 10 രൂപ	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി	രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ജില്ലാ രജിസ്ട്രാർ
29	ജനനം താമസിച്ചു രജിസ്റ്റർ ചെയ്യൽ (ജനനം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ)	1. ജനന റിപ്പോർട്ട് രണ്ട് കോപ്പി 2. നോട്ടറി / പബ്ലിക് സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (2 കോപ്പി) 3. ജനനം രജിസ്റ്റർ ചെയ്യാൽ വൈകിയതിന്റെ കാരണം കാണിക്കുന്ന	ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം	ലേറ്റ് ഫീ 5 രൂപ	ജില്ലാ രജിസ്ട്രാർക്ക് (രജിസ്ട്രാർ മുഖാന്തിരം)	1.അനുമതി നൽകേണ്ടത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	ജില്ലാ രജിസ്ട്രാർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		അപേക്ഷ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം. 4. നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം / താമസസ്ഥലം സംബന്ധിച്ച തെളിവു കൾ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം)				2. രജിസ്ട്രേഷൻ നടത്തേണ്ടത് രജിസ്ട്രാർ	
30	ജനനം താമസിച്ച് രജിസ്റ്റർ ചെയ്യൽ (ജനനം നടന്ന് ഒരു വർഷത്തിനുശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് രജിസ്ട്രേഷൻ യൂണിറ്റ് വഴി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ)	1. ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2. സത്യവാങ്മൂലം (ആർ.ഡി.ഒ.) നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 3. നോൺ അവ.ബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനനസമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) ജനന സ്ഥലം സംബന്ധിച്ച രേഖ 4. രജിസ്ട്രേഷൻ അനുവദിക്കണമെന്ന് സാക്ഷ്യപ്പെടുത്തുന്നതിനും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം. 5. നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ്	ആർ.ഡി.ഒ. യുടെ അനുമതിക്കു ശേഷം	ലേറ്റ് ഫീ 10 രൂപ	രജിസ്ട്രാർ	രജിസ്ട്രാർ	ജില്ലാ രജിസ്ട്രാർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
31	ജനന മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ	1. അപേക്ഷ (പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷനിൽ തിരുത്തലുകൾ നടത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ) 2. ജനനം / മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്. സ്ഥാപനം, നിലവിലില്ലാതായിട്ടുണ്ടെങ്കിൽ വീട്ടിൽ വച്ച് നടന്ന ജനന മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്. സ്ഥാപനം നിലവിലില്ലാതായിട്ടുണ്ടെങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്. തെറ്റായ വിവരം സമർപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിരിക്കണം. 3. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം) 4. സ്കൂൾ രേഖ / ലൈസൻസ് / പാസ്പോർട്ട് / തിരിച്ചറിയൽ കാർഡ്, എന്നിവയിൽ ഏതിന്റെയെങ്കിലും പകർപ്പ് 5. രണ്ട് വിശ്വസ്ത വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾ) 6. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	15 ദിവസം	ചട്ടപ്രകാരമുള്ള ഫീസ്	രജിസ്ട്രാർ	രജിസ്ട്രാർ	ജില്ലാ രജിസ്ട്രാർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
32.	നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജനനം / മരണം രജിസ്റ്റർ ചെയ്തില്ലെങ്കിൽ	1. കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം. 2. ജനനം / മരണം തെളിയിക്കുന്നതിനുള്ള രേഖകൾ. അല്ലാത്ത പക്ഷം പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമെ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളു.	15 പ്രവൃത്തി ദിവസം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള റിപ്പോർട്ട് / പോലീസ് വെരിഫിക്കേഷൻ ആവശ്യമെങ്കിൽ ഈ റിപ്പോർട്ട് ലഭിച്ചതിനു ശേഷം	തിരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീസ് 2 രൂപ	തദ്ദേശ രജിസ്ട്രാർ	തദ്ദേശ രജിസ്ട്രാർ	ജില്ലാ രജിസ്ട്രാർ
33	വിവാഹ രജിസ്ട്രേഷൻ 1955 ലെ ഹിന്ദു വിവാഹ നിയമ പ്രകാരം (വിവാഹം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നുവെങ്കിൽ)	1. നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട് (ഡ്യൂപ്ലിക്കേറ്റിൽ) അപേക്ഷകരും സാക്ഷികളും ഒപ്പിട്ടത്. വിവാഹം നടന്നത് രജിസ്ട്രേഷൻ യൂണിറ്റിൽ (പഞ്ചായത്ത് പ്രദേശത്ത്) ആയിരിക്കണം 2. ഹിന്ദു മതാചാരപ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ 3. പ്രായം തെളിയിക്കുന്നതിനായി താഴെ പറയുന്ന ഏതെങ്കിലും രേഖയുടെ ശരിപ്പകർപ്പ് 1. ജനന സർട്ടിഫിക്കറ്റ് 2. സ്കൂൾ സർട്ടിഫിക്കറ്റ് 3. പാസ്പോർട്ട്	3 പ്രവൃത്തി ദിവസം	10 രൂപ	”	”	”

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		4. ഡ്രൈവിംഗ് ലൈസൻസ് 5. തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് 4. വരന്റെ / വധുവിന്റെ ആദ്യവിവാഹം അല്ലെങ്കിൽ ബന്ധം വേർപെടുത്തിയതിന്റെ / വേർപിരിഞ്ഞതിന്റെ / മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ 5. വിവാഹം നടന്ന് 15 ദിവസം കഴിയുകയും എന്നാൽ 30 ദിവസത്തിനകവുമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെങ്കിൽ കാര്യകാരണസഹിതം കാലതാമസം മാപ്പാക്കുന്നതിന്റെ സംയുക്താപേക്ഷ എന്നിവ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.					
34	ഹിന്ദു വിവാഹ നിയമപ്രകാരം വിവാഹം നടന്ന് 30 ദിവസത്തിനുശേഷം, വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദത്തിനായി ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കാനുള്ള അപേക്ഷയാണെങ്കിൽ	1. മേൽപ്പറഞ്ഞ രേഖകൾ 2. വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള കാരണം കാണിക്കുന്ന ജില്ലാ രജിസ്ട്രാർക്കുള്ള സംയുക്ത അപേക്ഷ 3. അപേക്ഷകർ ഒരുമിച്ച് ഭാര്യാഭർത്താക്കന്മാരായി താമസിക്കുന്നു എന്ന് കാണിക്കുന്ന രണ്ട് വ്യത്യസ്ത ഗസറ്റഡ് ഓഫീസർമാരുടെ സാക്ഷ്യപത്രങ്ങൾ എന്നിവ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	10 ദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം	സർട്ടിഫിക്കറ്റ് ഫീസ് 10 രൂപ	തദ്ദേശ രജിസ്ട്രാർ	തദ്ദേശ രജിസ്ട്രാർ	ജില്ല രജിസ്ട്രാർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
35	വിവാഹ രജിസ്ട്രേഷൻ 2008 ലെ വിവാഹ (പൊതു) ചട്ടങ്ങൾ പ്രകാരം (വിവാഹം നടന്ന് 45 ദിവസത്തിനകം രജിസ്ട്രേഷൻ യൂണിറ്റിനകത്ത് വച്ചായിരിക്കണം വിവാഹം നടന്നത്. (രജിട്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന് ഭാര്യാ ഭർത്താക്കന്മാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്)	1. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടം (ഡൂപ്ലിക്കേറ്റിൽ) (ഭാര്യാ ഭർത്താക്കന്മാരുടെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ മെമ്മോറാണ്ടങ്ങളിൽ പതിച്ചതും ഭാര്യാഭർത്താക്കന്മാരും സാക്ഷികളും ഒപ്പിട്ടതുമായിരിക്കണം.) 2. പ്രായം തെളിയിക്കുന്നതിനുള്ള തെളിവുകൾ താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നിന്റെ ശരി പകർപ്പ് 1. ജനന സർട്ടിഫിക്കറ്റ് 2. സ്കൂൾ സർട്ടിഫിക്കറ്റ് 3. പാസ്പോർട്ട് 4. ഡ്രൈവിംഗ് ലൈസൻസ് 5. ജനന തീയതി തിരിച്ചറിയൽ കാർഡ് 3. മതപരമായ വിവാഹമാണെങ്കിൽ / സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുമുള്ള സാക്ഷ്യപത്രം. മണീട് ഗ്രാമപഞ്ചായത്തിൽ പരിധിയിലുള്ള അക്ഷയ കേന്ദ്രങ്ങൾ മുഖേന *www.cr.lsgkerala.gov.in* എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് കിട്ടുന്ന മെമ്മോറാണ്ടത്തിന്റെ അനുബന്ധരേഖകൾ സഹിതം കെ. സ്മാർട്ട് സോഫ്റ്റ്വെയറിൽ ഓൺ ലൈൻ ആയി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുക.	3 പ്രവൃത്തി ദിവസം	രജ്സ്ട്രേഷൻ ഫീസ് 100 + സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ	വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	രജിസ്ട്രാർ ജനറൽ (ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
36	വിവാഹം നടന്ന് 45 ദിവസത്തിനുശേഷം 5 വർഷത്തിനകം	1. തദ്ദേശ രജിസ്ട്രാർക്കുള്ള അപേക്ഷയും മുകളിൽ കൊടുത്തിരിക്കുന്നതിൻ പ്രകാരമുള്ള രേഖകളും. 2. ഫോറം നമ്പർ 2 ലുള്ള ഡിക്ലറേഷൻ (എം.പി./എം.എൽ.എ./ഗസറ്റഡ് ഓഫീസർ / പഞ്ചായത്ത് മെമ്പർ എന്നിവരാരെങ്കിലും നൽകിയത്.) 3. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഭാര്യാഭർത്താക്കന്മാരും 2 സാക്ഷികളും രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി രജിസ്റ്ററിൽ ഒപ്പിട്ട് രേഖപ്പെടുത്തണം.	10 പ്രവൃത്തി ദിവസം	100 രൂപ ഫൈൻ, രജിസ്ട്രേഷൻ ഫീസ് 100 രൂ. സർട്ടിഫിക്കറ്റിന് 20 രൂപ	വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)	രജിസ്ട്രാർ ജനറൽ (ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)
37	വിവാഹം നടന്ന് 5 വർഷത്തിന് ശേഷമാണ് മെമ്മോറാണ്ടം സമർപ്പിക്കുന്നതെങ്കിൽ	രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തിനായി സെക്രട്ടറി മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെമ്മോറാണ്ടം മുകളിൽ പറഞ്ഞതു പ്രകാരമുള്ള രേഖകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	(ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനുശേഷം) 10 പ്രവർത്തി ദിവസങ്ങൾക്കകം	പിഴ 250 + രജിസ്ട്രേഷൻ ഫീസ് 100+ സർട്ടിഫിക്കറ്റ് ഫീ 20 രൂപ	വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ (ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)	അനുമതി നൽകുന്നത് വിവാഹ പൊതു രജിസ്ട്രാർ (ജനറൽ) രജിസ്റ്റർ ചെയ്യുന്നത് രജിസ്ട്രാർ	രജിസ്ട്രാർ ജനറൽ
38	വിവാഹ സർട്ടിഫിക്കറ്റ്	കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി വിവാഹ തീയതി രേഖപ്പെടുത്തിയിട്ടുള്ളതുമായ അപേക്ഷ	7 പ്രവർത്തി ദിവസം				

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
39	ഹാൾ വാടകയ്ക്ക്	കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.		നിശ്ചിത നിരക്കിൽ ഡെപ്പോസിറ്റും വാടകയും അടയ്ക്കണം. ഡെപ്പോസിറ്റ് ഫീൽഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് മടക്കി നൽകുന്നതാണ്.			
40	ടെലഫോൺ / വാട്ടർ കണക്ഷൻ എടുക്കുന്നതിന് റോഡ് മുറിക്കുന്നതിന്	കെ. ഡബ്ല്യു. എ. അംഗീകരിച്ച പ്ലാനും എസ്റ്റിമേറ്റും (പകർപ്പ്) എന്നിവ സഹിതം കെ. സ്മാർട്ട് സോഫ്റ്റ് വെയറിൽ ഓൺലൈൻ ആയി സമർപ്പിക്കണം.	റിപ്പോർട്ട് പ്രകാരം	റോഡിന്റെ ഇനമനുസരിച്ച് എൽഎസ്ജി.ഡി.എ.ഇ.യുടെ റിപ്പോർട്ട് പ്രകാരമുള്ള ഫീസ്			

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
41	വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 2000 രൂപ.	കേരള സംസ്ഥാനത്ത് 3 വർഷമായി സ്ഥിരതാമസമുള്ളവരും കുടുംബത്തിൽ ആരും തന്നെ സംരക്ഷിക്കാൻ ഇല്ലാത്തവരുമായിരിക്കണം. കുടുംബ വരുമാന പരിധി 100000 രൂപയിൽ കവിയരുത് **ഹാജരാക്കേണ്ട രേഖകൾ** 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. പ്രായം 60 വയസ്സ് തെളിയിക്കുന്നതിനുള്ള ഏതെങ്കിലും രേഖ 1. ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2. സ്കൂൾ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3. പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 4. ഡ്രൈവിംഗ് ലൈസൻസ് 5. അസി. സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സാക്ഷ്യപത്രം (മേൽപറഞ്ഞ രേഖകൾ ഇല്ലാത്ത സാഹചര്യത്തിൽ മാത്രം) 3. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷപ്പെടുത്തിയ പകർപ്പ് 4. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് 5. ആധാർ കാർഡിന്റെ പകർപ്പ് 6. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം 7. ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ്	45 ദിവസം/ സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്	ഇല്ല	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് അസി. സെക്രട്ടറി	പഞ്ചായത്ത് ഡയറക്ടർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
42	അഗതി പെൻഷൻ (വിധവ / വിവാഹ മോചിതർ) പ്രതി മാസം 2000 രൂപ	അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടു മുമ്പ് കേരളത്തിൽ തുടർച്ചയായി രണ്ട് വർഷമെങ്കിലും താമസിച്ചിരിക്കണം. വിധവകൾക്കും വിവാഹ മോചനം നേടിയ സ്ത്രീകൾക്കും ഏഴു വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്ത സ്ത്രീകൾക്കും വിധവ പെൻഷന് അപേക്ഷിക്കാം. 20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺകുട്ടികൾ ഉള്ളവർക്കും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബവാർഷിക വരുമാനപരിധി 100000 രൂപ. **ഹാജരാക്കേണ്ട രേഖകൾ** 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. അപേക്ഷകയുൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3. വിധവ / വിവാഹമോചിതയാണെന്ന് കാണിക്കുന്ന രേഖ (വില്ലേജ് ഓഫീസറിൽ നിന്നും) 4. ഭർത്താവ് മരിച്ചതാണെങ്കിൽ മരണ സർട്ടിഫിക്കറ്റ് 5. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരി പകർപ്പ് 6. ആധാർ കാർഡിന്റെ പകർപ്പ്	45 ദിവസം/ സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്	ഇല്ല	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	ഗ്രാമ പഞ്ചായത്ത് അസി. സെക്രട്ടറി	ജില്ലാ കളക്ടർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
		7. ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ കോപ്പി 8. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് 9. പുനർ വിവാഹം ചെയ്തിട്ടില്ലായെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സാക്ഷ്യ പത്രം					
43	വികലാംഗർക്കുള്ള പെൻഷൻ പ്രതിമാസം 2000 രൂപ	അപേക്ഷകന്റെ വാർഷിക വരുമാനം 100000 രൂപയിൽ കൂടുവാൻ പാടില്ല. മന്ത്, ബധിരത, മൂകത, അന്ധത, അംഗഭംഗം എന്നീ വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷന് അപേക്ഷിക്കാം. വികലാംഗത നാല്പത് ശതമാനത്തിലധികം ഉണ്ടായിരിക്കണം. കുടുംബ വാർഷിക വരുമാന പരിധി 100000 രൂപയിൽ കവിയരുത്. ബുദ്ധിമാന്ദ്യമുള്ളവർക്കും ഈ പെൻഷൻ പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നതാണ്. **ഹാജരാക്കേണ്ട രേഖകൾ** 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. അംഗവൈകല്യം തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്) 3. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരി	45 ദിവസം / സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്	ഇല്ല	ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി	ജില്ല കളക്ടർ

നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി	നൽകേണ്ട ഫീസ്	അപേക്ഷ നൽകേണ്ടത്	ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ	സേവനം നൽകുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത്
	തുടർച്ച	പകർപ്പ് 4. അപേക്ഷകൻ ഉൾപ്പെട്ട റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. ആധാർകാർഡിന്റെ പകർപ്പ് 6. ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ് 7. വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്					
44	കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 2000 രൂപ	അപേക്ഷ തീയതിയിൽ 60 വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം. (വരുമാനം കണക്കാക്കാൻ അപേക്ഷകന്റെ ഭാര്യ-ഭർത്താവ് - പ്രായപൂർത്തിയായ അവിവാഹിതരായ ആൺമക്കൾ എന്നിവരുടെ വരുമാനം കൂടി കണക്കാക്കുന്നതാണ്.) 1974-ലെ കർഷകതൊഴിലാളി നിയമപ്രകാരമുള്ള ക്ഷേമനിധിയിൽ അംഗമായിരിക്കണം. അപേക്ഷ തീയതിക്ക് തൊട്ടുമുമ്പ് 10 വർഷമെങ്കിലും കേരള സംസ്ഥാനത്ത് താമസിക്കുന്ന കർഷക തൊഴിലാളി ആയിരിക്കണം **ഹാജരാക്കേണ്ട രേഖകൾ** 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2. പ്രായം തെളിയിക്കുന്നതിന് താഴെ	45 ദിവസം/ സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്	ഇല്ല	ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്	ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിക്ക്	ജില്ലാ കളക്ടർ

